DESPATCHED
On..31.01.2020
31/01/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.2010(4)/2012/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.12796/SIC-Gen 2/2012**

സന്നിഹിതൻ

**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ഐസക് വർഗീസ്,
സ്റ്റേറ്റ് പ്രസിഡന്റ്,
ആൾ കേരളാ ആന്റി കറപ്ഷൻ & ഹ്യൂമൺ
റൈറ്റ്സ് പ്രൊട്ടക്ഷൻ കൗൺസിൽ,
മേട്ടുപ്പാളയം സ്ട്രീറ്റ്, പാലക്കാട്. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,
ഫോറസ്റ്റ് റെയിഞ്ച് ഓഫീസ്,
മലയാറ്റൂർ, കോടനാട് പി.ഒ., എറണാകുളം.

2. അപ്പീൽ അധികാരി & ഡിവിഷണൽ
ഫോറസ്റ്റ് ഓഫീസർ,
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
മലയാറ്റൂർ, കോടനാട് പി.ഒ., എറണാകുളം. } എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ, മലയാറ്റൂർ കോടനാട് റെയ്ഞ്ചിലെ OR 14/2012 കേസുമായി ബന്ധപ്പെട്ട ചില വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിട്ട് നിഷേധിച്ചു എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 17.11.2012ൽ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് ഒന്നാം എതിർകക്ഷി 03.12.12ൽ കമ്മീഷന് റിപ്പോർട്ട് നൽകി.

3. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ കോടനാട് റെയ്ഞ്ചിലെ OR 14/2012 നമ്പർ കേസുമായി ബന്ധപ്പെട്ടതായിരുന്നുവെന്നും, ഇത് വെളിപ്പെടുത്തുന്നത് കേസന്വേഷണത്തെ ബാധിക്കുന്നതാണെന്നും, അതുകൊണ്ട് വിവരാവകാശ നിയമത്തിന്റെ 8(1)h പ്രകാരം നൽകാൻ കഴിയില്ലെന്ന് ടിയാനെ അറിയിച്ചതെന്നും റിപ്പോർട്ടിൽ പറഞ്ഞു.

4. ഇതിനുശേഷം കമ്മീഷൻ 06.03.19ൽ എറണാകുളം കളക്ടറേറ്റിലെ വീഡിയോ കോൺഫറൻസ് സംവിധാനം വഴി ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

5. കേസന്വേഷണത്തെ ബാധിക്കും എന്നതു കൊണ്ടാണ് വിവരം നൽകാതിരുന്നതെന്ന് ഒന്നാം എതിർകക്ഷി പറഞ്ഞു. ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു.

6. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ കേസന്വേഷണത്തെ ബാധിക്കും എന്നതുകൊണ്ട് വിവരാവകാശ നിയമത്തിന്റെ 8(1)h പ്രകാരം നൽകാൻ കഴിയില്ല എന്ന ഒന്നാം എതിർകക്ഷിയുടെ വാദം കമ്മീഷൻ ശരിവയ്ക്കുന്നു.

7. ഇതിന്റെ അടിസ്ഥാനത്തിനാൽ അപ്പീൽ ഹർജി നിരസിച്ചുകൊണ്ട് ഇന്നേ ദിവസം, 2020 ജനുവരി മാസം 31-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.